# കന്നുകാലികൾക്ക് ഒരു ദിവസം വേണ്ട വരാഹാരം



ക്ഷീര കർഷകർക്ക് പൊതുവെ ഉണ്ടാകാവുന്ന ഒരു സംശയമാണ് തന്റെ പശുവിന് എത്രത്തോളം ആഹാരമാണ് ഒരു ദിവസം നൽകേണ്ടതെന്ന്. ആഹാരത്തിനെ നമ്മൾ ഖരരൂപമായിട്ടും ദ്രാവകരൂപമായിട്ടും വിഭജിക്കുകയാണെങ്കിൽ ഖരരൂപത്തിൽ നൽകുന്ന ആഹാരങ്ങൾ തീറ്റപുൽ, വൈക്കോൽ, കാലിതീറ്റ, അസോള മുതലായവയും, ദ്രാവക രൂപത്തിലുള്ള ആഹാരമെന്നത് പ്രധാനമായും വെള്ളവുമാണ്. ഖരരൂപത്തിൽ നൽകുന്ന ആഹാരത്തിൽ കന്നുകാലികൾക്ക് വേണ്ടതുക്കം എത്രയാണെന്ന് നോക്കുകയാണെങ്കിൽ അത് അവയുടെ ശരീര ഭാരത്തിന്റെ 2.5-3.0% ആണ് വേണ്ടത്. ഖരരൂപം എന്ന് ഇവിടെ പറയുന്നത് നമ്മൾ നൽകുന്ന ആഹാരത്തിൽ ജലാംശം ഒഴികെയുള്ള പദാർത്ഥമാണ്. (ശുഷ്കദ്രവ്യം അഥവ ഡ്രൈമാറ്റർ).

ഫാം ഇൻഫർമേഷൻ ബ്യൂറോ

മുകളിൽ പറഞ്ഞിരിക്കുന്ന 2.5-3.0% ശുഷ്കദ്രവ്യം കന്നുകാലിയുടെ അടിസ്ഥാന ആവശ്യങ്ങൾക്കും കൂടാതെ പാൽ ഉത്പാദനത്തിനായിട്ടും 1 ലിറ്ററിന് 400 ഗ്രാം കാലിതീറ്റ എന്ന നിരക്കിൽ നൽകേണ്ടതാണ്. വിവിധയിനം തീറ്റകളിൽ അടങ്ങിയിരിക്കുന്ന ശുഷ്കദ്രവ്യത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

| തീറ്റകൾ | ശുഷ്കദ്രവ്യത്തിന്റെ അളവ് |
|---|---|
| പച്ചപുല്ല് | 15-20% |
| വൈക്കോൽ | 90% |
| കാലിതീറ്റ | 90% |
| സൈലേജ് | 35-40% |



ഫാം ഇൻഫർമേഷൻ ബ്യൂറോ

ഉദാ:- 300 കി.ഗ്രാം ഭാരമുള്ള ഒരു പശുവിന് ഒരു ദിവസം 7.5 മുതൽ 9.0 കി.ഗ്രാം വരെ ശുഷ്കദ്രവ്യം നൽകേണ്ടതാണ്. താഴെപറയുന്ന നിരക്കിൽ ഒരു ദിവസം ആഹാരം നൽകുന്നുണ്ടെങ്കിൽ ആ പശുവിന് ലഭിക്കുന്ന ശുഷ്കദ്രവ്യത്തിന്റെ അളവ് താഴെപറയുന്നു.

| തീറ്റ | സാധാരണ തൂക്കം | ശുഷ്കദ്രവ്യത്തിന്റെ തൂക്കം |
|---|---|---|
| പച്ചപുല്ല് | 20 കിഗ്രാം | 4.0 കിഗ്രം |
| വൈക്കോൽ | 5കിഗ്രാം | 3.6 കിഗ്രം |
| കാലിതീറ്റ | 3 കിഗ്രം | 2.7 കി.ഗ്രാം |
| | **ആകെ** | **10.3 കി.ഗ്രാം** |

300 കിഗ്രാം തൂക്കമുള്ള പശുവിന് ആവശ്യമായ ശുഷ്ക ദ്രവ്യം 9 കി.ഗ്രാം ആണെങ്കിലും മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ തീറ്റകൾ നൽകുകയാണെങ്കിൽ 10.3 കി.ഗ്രാം ശുഷ്ക ദ്രവ്യം ആ പശുവിന് ലഭിക്കുന്നതാണ്.



ഫാം ഇൻഫർമേഷൻ ബ്യൂറോ

കേരളത്തിലെ ക്ഷീരകർഷകന് പശുവിന്റെ ആഹാരത്തിന് വരുന്ന ചെലവ്, പാൽ ഉത്പാദനത്തിന്റെ 60- 70% ആണ്. ഈ അധിക ചിലവ് പരിമിതപെടുത്തണമെങ്കിൽ തീറ്റപുൽ കൃഷി അനിവാര്യമാണ്. തീറ്റപുല്ല് പരമാവധി സ്ഥലത്ത് കൃഷി ചെയ്യുകയും, എല്ലാ ദിവസവും 20-25 കി.ഗ്രാം നൽകുകയാണെങ്കിൽ ആഹാരത്തിനുള്ള ചിലവ് ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്.



ഫാം ഇൻഫർമേഷൻ ബ്യൂറോ

കൃഷിക്കാരന് പൊതുവെ വരുന്ന ഒരു സംശയമാണ് പശുവിന് ദിവസം തോറും ഒരു നിശ്ചിത അളവ് പച്ചപുല്ല് കൊടുക്കണമെന്നുണ്ടെങ്കിൽ എത്ര സ്ഥലത്ത് കൃഷി ചെയ്യണം എന്നുള്ളത്.

ഒരു നിശ്ചിത സ്ഥലത്ത് പുല്ലിന്റെ വിളവ് അറിയണമെങ്കിൽ അടിസ്ഥാനപരമായി ചില കാര്യങ്ങൾ അറിഞ്ഞിരിക്കണം.



## ഏത് ഇനം പുല്ലാണ് കൃഷിചെയ്യാൻ പോകുന്നത്?

തീറ്റപുല്ലിന്റെ ഇനം അനുസരിച്ച് കൃഷി രീതി മാറും. വളരെ ചെറിയ വിത്തുള്ള ഇനങ്ങൾ, ചീരവിത്ത് പാകുന്നതുപോലെ സീഡ്ബെഡ്ഡിൽ നിശ്ചിത അളവിൽ മുളപ്പിച്ചിട്ട്, ഒരു മാസം പ്രായമായ തൈകൾ പറിച്ച് നടാവുന്നതാണ്. (ഗിനി പുല്ലിന്റെ വിത്ത്) കോംഗോ സിഗ്നൽ, സിഗ്നൽ, ഹ്യുമിഡി കോള മുതലായ പുല്ലിനങ്ങളുടെ വിത്തുകൾ കൃഷി സ്ഥലത്തിൽ നേരിട്ട് വിതയ്ക്കാവുന്നതാണ് (Broadcasting). മക്കച്ചോളം, മണിച്ചോളം, ഫോഡർ പയർ മുതലായവയുടെ വിത്തുകൾ നിശ്ചിത അകലത്തിൽ 1-2 ഇഞ്ച് താഴ്ചയിൽ വിതയ്ക്കാം.

പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം: വിത്തുകൾ മണ്ണിൽ അധികം താഴ്ചയിലാകരുത്.

## നടുമ്പോഴുള്ള അകലം

ഓരോ പുല്ലിനങ്ങൾക്കും അവ വളരുന്ന രീതിയേയും, എത്ര ഉയരത്തിൽ വളരുന്നതിനേയും ആശ്രയിച്ച്, അകലം നിശ്ചയിക്കേണ്ടതാണ്. ഗിനിപുല്ല് നടുമ്പോൾ 45 സെ.മി x 45 സെ.മി അകലവും സങ്കര ഇനം നേപ്പിയർ (C03, C04, C05) നടുമ്പോൾ കുറഞ്ഞത് 60 സെ.മി x 60 സെ.മി അകലവും നൽകേണ്ടതാണ്.






## മണ്ണിന്റെ ഗുണവും കിടപ്പും

വളക്കൂറുള്ള മണ്ണിലാണ് കൃഷി ചെയ്യുന്നതെങ്കിൽ തണ്ടുകൾക്ക് ഇടയിലുള്ള അകലം കൂടുതലും അല്ലാത്ത പക്ഷം അകലം കുറയ്ക്കുകയും വേണം. കൂടാതെ ചരിഞ്ഞഭാഗത്തിലാണ് കൃഷി ചെയ്യുന്നതെങ്കിൽ അകലം കുറച്ച് നടേണ്ടതാണ്.







# സ്ഥലത്തിന്റെ വിസ്തീർണ്ണം

1 സെന്റ് സ്ഥലത്ത് 60 സെ.മി x 60 സെ.മി അകലത്തിൽ ചെടികൾ നടുന്നുണ്ടെങ്കിൽ, ആദ്യം ഒരു ചെടിക്ക് ആവശ്യമായിട്ടുള്ള വിസ്തീർണ്ണം കണ്ടുപിടിക്കുക (60 സെ.മി x 60 സെ.മി) മീറ്ററിൽ 0.6 x 0.6 = 0.36 ച. മീറ്റർ.

ഒരു സെന്റിന് വേണ്ട തണ്ടുകൾ 40 ച.മീറ്റർ / 0.36 ച.മീറ്റർ =111 എണ്ണം.

തണ്ടുകൾ ഈ വിധത്തിൽ കണ്ടുപിടിക്കാവുന്നതാണ്.